# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 1690 — 11.02.2013-ൽ മറുപടിക്ക്

## കർഷക സേവനകേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ബ്ളോക്കുകളിലാണ് കർഷക സേവനകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) തെരഞ്ഞെടുക്കപ്പെട്ട 40 ബ്ലോക്കുകളിൽ സഹകരണ വകുപ്പിന്റെ കീഴിൽ 'ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ' ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇതിന് എന്ത് തുകയാണ് അനുവദിച്ചത്; ഓരോ കേന്ദ്രത്തിലേക്കും തുക അനുവദിച്ചുവോ; | (ബി) ഒരു സെന്ററിന് പരമാവധി 25 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട 40 സെന്ററുകൾക്കായി ആകെ 10 കോടി രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) കർഷകസേവനകേന്ദ്രത്തിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആധുനികരീതിയിൽ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് പരിശീലനവും, നിർദ്ദേശങ്ങളും നൽകുക, കാർഷിക വിളകളുടെ വിപണി ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി, |

സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയവയാണ് കർഷക സേവന കേന്ദ്രത്തിന്റെ പ്രധാന ചുമതലകൾ.

**സെക്ഷൻ ഓഫീസർ**